(ബി) ഉണ്ടെങ്കിൽ എത്ര ;

(സി) പ്രസ്തുത ബസ്സുകളുടെ ബോഡി നിർമ്മിച്ചത് എവിടെയൊക്കെയാണെന്നു വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 58 എണ്ണം.

(സി) രണ്ട് ബസ്സുകളുടെ ബോഡി തിരുവനന്തപുരം റബ്ബർ വർക്സിലും ബാക്കിയുള്ളവ അശോക് ലൈലാൻറിൽ നിന്നും പണിതു വാങ്ങിയവയുമാകുന്നു.

കെ. എസ്. ആർ. ടി. സി. യുടെ ടയർ റീട്രെയിഡിംഗ്

1373 [2053] ശ്രീ. സി. എഫ്. തോമസ് :

,, തോമസ് കല്ലംപള്ളി :

,, പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കെ. എസ്. ആർ. ടി. സി. ടയർ റീട്രെയിഡിംഗിന് സംസ്ഥാനത്തിനു പുറത്ത് ഏൽപ്പിക്കുന്നുണ്ടോ ?

ഉത്തരം

ഇല്ല.

കെ. എസ്. ആർ. ടി. സി. എടുത്ത വായ്പ

1374 [2054] ശ്രീ. സി. എഫ്. തോമസ് :

,, തോമസ് കല്ലംപള്ളി :

,, പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഷിപ്പിംഗ് കോർപ്പറേഷനിൽ നിന്നും എൽ. ഐ. സി. യിൽ നിന്നും കെ. എസ്. ആർ. ടി. സി. വായ്പ എടുത്ത തുക എത്ര ?

ഉത്തരം

ഷിപ്പിംഗ് കോർപ്പറേഷനിൽനിന്നും കെ. എസ്. ആർ. ടി. സി. ഇതേവരെ വായ്പ എടുത്തിട്ടില്ല. എൽ. ഐ. സി. യിൽ നിന്നും ഇതേവരെ 984 ലക്ഷം രൂപ വായ്പ എടുത്തിട്ടുണ്ട്.

കെ. എസ്. ആർ. ടി. സി. ജീവനക്കാരുടെ ജോലിഭാരം

1375 [2055] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly